വിവിധ ജില്ലകളിലെത്തിച്ചു. കൂടാതെ ഇന്ത്യൻ വെറ്ററിനറി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും 1 ലക്ഷം ഡോസ് വാക്സിനും കഴിഞ്ഞ വർഷം വാങ്ങിയിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

125 (1485) ചിക്ബോക്സ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിക്ബോക്സ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുന്നതിനും ആയത് അംഗീകരിക്കുന്നതിനും കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ വർഷം കോർപ്പറേഷന് ബോക്സുകൾ നൽകിയിരുന്നത് ഏതൊക്കെ കമ്പനികളാണ്;

(സി) മുമ്പ് ചിക്ബോക്സുകൾ നൽകിയിരുന്ന കമ്പനികളെ ഇപ്പോഴത്തെ ടെണ്ടറിൽനിന്ന് ഒഴിവാക്കി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണ്;

(ഡി) പ്രസ്തുത ടെണ്ടറുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ അംഗീകൃത കമ്പനികളിൽനിന്ന് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് പൊൻമുടി പായ്ക്ക് ആർട്സ് എന്ന കമ്പനി നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് ആവശ്യമുള്ള മറ്റു സാധനങ്ങൾക്ക് വാർഷിക ടെണ്ടർ വിളിക്കുന്നതുപോലെ തന്നെയാണ് ചിക്ബോക്സ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടറും വിളിക്കുന്നത്.

വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ വിവരങ്ങൾ, ടെണ്ടർ ഫോമിന്റെ വില, ടെണ്ടറിനോടൊപ്പം നിക്ഷേപിക്കേണ്ട നിരതദ്രവ്യതുക, ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്ന തീയതിയും സമയവും തുടങ്ങിയ വിവരങ്ങൾ നോട്ടീസിൽത്തന്നെ വ്യക്തമാക്കിയിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ടെണ്ടറുകൾ മുൻനിശ്ചയിച്ചിട്ടുള്ള സമയത്ത് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കും. അതിനുശേഷം കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുള്ള ഒരു കമ്മിറ്റിയുടെ മുൻപാകെ ഹാജരായി, ടെണ്ടർ നൽകിയ സാധനങ്ങളുടെ സാങ്കേതിക വിവരങ്ങളും മറ്റും വിശദീകരിക്കുന്നതിനും ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില നെഗോഷ്യേറ്റ് ചെയ്യുന്നതിനും ഓഫറുകാരെ ക്ഷണിക്കുന്നു. ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടുള്ളതും ടെണ്ടറിൽ പ്രതിപാദിച്ചിരുന്നതിൻപ്രകാരമുള്ള സാങ്കേതിക മാനദണ്ഡങ്ങൾ അതനുസരിച്ചിട്ടുള്ള സാധനത്തിന് ഏറ്റവും കുറഞ്ഞ നിരക്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ സപ്ലൈ ചെയ്യാമെന്ന് സമ്മതിക്കുകയും ചെയ്ത ടെണ്ടറുകൾക്ക് വ്യവസ്ഥപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് നിശ്ചിതസമയത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കണം. അതിനുവിധേയമായി ടെണ്ടർ അംഗീകരിക്കുന്നു.

(ബി) കഴിഞ്ഞ വർഷം കോർപ്പറേഷന് ചിക്ബോക്സുകൾ നൽകിയിരുന്നത് പൊൻമുടി പാക്ക് ആർട്സ് പ്രൈവറ്റ് ലിമിറ്റഡ്, വേളി, തിരുവനന്തപുരം-21 എന്ന സ്ഥാപനമാണ്.

(സി) മുൻപ് ചിക്ബോക്സ് നൽകിയിരുന്ന സ്ഥാപനത്തെ ഇപ്പോഴത്തെ ടെണ്ടറിൽനിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ മുകളിൽ പറഞ്ഞ രീതിയിൽ ടെണ്ടർ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ടി സ്ഥാപനം നൽകിയ ടെണ്ടർ നിരസിക്കപ്പെട്ടു. ടെണ്ടർ നിരസിക്കുവാനുണ്ടായ കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1) ടെണ്ടറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം നിരതദ്രവ്യമായ 4500 രൂപ ടെണ്ടറിനോടൊപ്പം നൽകിയിരുന്നില്ല.

2) ടെണ്ടറിൽ പറഞ്ഞിരുന്ന പ്രകാരം 50 രൂപ മുദ്രപത്രത്തിൽ ഒരു നിശ്ചിത എഗ്രിമെന്റ് ടെണ്ടറിനോടൊപ്പം നൽകിയിരുന്നില്ല.

3) ടെണ്ടറിൽ പറഞ്ഞിരുന്ന പ്രകാരം ടെണ്ടർ ചെയ്ത സാധനത്തിന്റെ സാമ്പിൾ ടെണ്ടറിനോടൊപ്പം നൽകിയിരുന്നില്ല.

4) ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന റേറ്റ് ചിക്ബോക്സ് ഒന്നിന് 14 രൂപ 95 പൈസ ഏറ്റവും കുറഞ്ഞ റേറ്റിനേക്കാൾ കൂടുതലായിരുന്നു.

(ഡി)&(ഇ) ഇതുമായി ബന്ധപ്പെട്ട് പൊൻമുടി 'പായ്ക്ക് ആർട്സ്' പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും പരാതി ലഭിച്ചിരുന്നു. അത് പരിശോധിച്ചതിൽ നിന്നും പരാതി അടിസ്ഥാനരഹിതമാണെന്ന് കാണുകയുണ്ടായി.

126 (1486) മൃഗഡോക്ടർമാരുടെ ഒഴിവുകൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗാശുപത്രികൾ, ഡിസ്പെൻസറികൾ, പോളിക്ലിനിക്കുകൾ എന്നിവ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എല്ലാംകൂടി എത്ര ഡോക്ടർമാരുടെ തസ്തിക അംഗീകരിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്രപേർ ഇപ്പോൾ സർവ്വീസിൽ ഉണ്ട് എന്നും എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികളിൽ എല്ലാംകൂടി ഇപ്പോൾ വെറ്ററിനറി ഡോക്ടർമാരുടെ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഇത് പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ടോ; എത്ര തസ്തികയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഇ) ഒഴിവുള്ള തസ്തികകളിൽ പ്രൊവിഷണൽ ആയി നിയമനം നടത്തുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly